## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1855** **15-03-2022 - ൽ മറുപടിയ്ക്ക്**

## അതിർത്തി ചെക്ക് പോസ്റ്റുകളിലെ കൈക്കൂലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **null<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ വ്യാപകമായ രീതിയിൽ കൈക്കൂലി വാങ്ങുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ ചില ചെക്ക്പോസ്റ്റുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ശബരിമല ദർശനത്തിനായി എത്തുന്ന ഇതര സംസ്ഥാനക്കാരുടെ വാഹനങ്ങളിൽ നിന്നും അതിർത്തി ചെക്ക് പോസ്റ്റുകളിൽ കൈക്കൂലി ചോദിച്ച് വാങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ പ്രസ്തുത ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | മതിയായ പരിശോധന കൂടാതെ അമിതഭാരം കയറ്റി വരുന്ന വാഹനങ്ങൾ ചെക്ക് പോസ്റ്റ് കടത്തി വിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ മതിയായ പരിശോധന കൂടാതെ അമിതഭാരം കയറ്റിവരുന്ന വാഹനങ്ങൾ ചെക്ക്പോസ്റ്റ് കടത്തിവിടുന്നതായുള്ള ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, ഇതു സംബന്ധിച്ച് പരാതികളും ലഭ്യമായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ചെക്ക് പോസ്റ്റുകളിലെ ക്രമക്കേടുകൾ തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | ചെക്ക്പോസ്റ്റിലെ ക്രമക്കേടുകൾ തടയുന്നതിനായി വിവിധ കാലങ്ങളിലായി വകുപ്പിൽ നിന്ന് വിവിധ സർക്കുലറുകൾ പുറത്തിറക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റിലെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനായി സേവനങ്ങൾ പരിവാഹൻ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുകയും ഓൺലൈൻ ആക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കുലർ നമ്പർ 12/2021 പുറത്തിറക്കുകയും 21/06/2021 മുതൽ ഓൺലൈൻ സംവിധാനം നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ചെക്ക്പോസ്റ്റിലെ ക്രമരഹിത പ്രവർത്തനങ്ങൾ തടയുന്നതിനായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് |

| | | | |
|---|---|---|---|
| | | | കമ്മീഷണർ(ടാക്സേഷൻ) എന്നിവർ ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ, സർക്കുലർ നമ്പർ 12/2017 പ്രകാരം, വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ചെക്ക്പോസ്റ്റിന്റെ സുഗമമായ പ്രവർത്തനത്തിനും, ഉദ്യോഗസ്ഥരെ ചെക്ക്പോസ്റ്റിൽ നിയമിക്കുന്നത് സംബന്ധിച്ചും വിവിധ സർക്കുലറുകൾ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റിലെ ക്രമക്കേടുകൾ തടയുന്നതിനായുള്ള നിർദ്ദേശങ്ങൾ അനുവർത്തിക്കുവാൻ എല്ലാ നിയന്ത്രണാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന അതിർത്തിയിലുള്ള മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക്പോസ്റ്റ് നിർത്തലാക്കുക എന്ന നയമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. എങ്കിലും സംസ്ഥാനത്ത് നിലവിലുള്ള ചെക്ക്പോസ്റ്റുകൾ contactless ചെക്ക്പോസ്റ്റുകൾ ആയി പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ Contactless ചെക്ക്പോസ്റ്റ് നിലവിൽ വരുന്നതോടെ അഴിമതി പൂർണ്ണമായും തടയുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ